# നേത്രദാന സമ്മത പത്രം

# Eye Donation Pledge

മരണശേഷം എന്റെ കണ്ണുകൾ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത നേത്രബാങ്കിലെ ഡോക്ടർ ഓപ്പറേഷൻ ചെയ്ത് എടുക്കുന്നതിനും അത് ചികിത്സാപരമായ ആവശ്യങ്ങൾക്ക് യുക്തമായ രീതിയിൽ ഉപയോഗിക്കുന്നതിനും ഇതിനാൽ പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു.

എന്ന്,

പേര്..............................................................വയസ്സ്............ഒപ്പ്..................................

മേൽവിലാസം..................................................................................................................

.............................................................................................................................

ഫോൺ നമ്പർ............................................ തീയതി..........................

ശ്രീ/ശ്രീമതി.......................................................അടുത്ത ബന്ധുവായ എനിക്ക് മുകളിൽ പറഞ്ഞിരിക്കുന്ന കാര്യത്തിന് പൂർണ്ണ സമ്മതമാണ്.

എന്ന്,

പേര്..............................................................വയസ്സ്.............ഒപ്പ്...............................

മേൽവിലാസം..................................................................................................................

.............................................................................................................................

നേത്രദാതാവുമായുള്ള ബന്ധം .................................................... തീയതി..................

സാക്ഷികൾ** (ഒപ്പും, പേരും, വയസ്സും, മേൽവിലാസവും)

1. 

2. 

**അടുത്ത ബന്ധുവെന്ന് ഉദ്ദേശിക്കുന്നത് ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയായ സഹോദരന്മാർ/മക്കൾ എന്നിവരിൽ ഒരാൾ. നേത്രദാതാവിന്റെ വീട്ടിൽ താമസിക്കുന്ന ബന്ധുവിനാണ് ഒപ്പിടുന്നതിന് മുൻഗണന കൊടുക്കേണ്ടത്.*

*** സാക്ഷികൾ ബന്ധുക്കളോ അടുത്ത വീട്ടിൽ താമസിക്കുന്നവരോ ആകുന്നതാണ് നല്ലത്.*

കുറിപ്പ്:

1. നേത്രദാനം ചെയ്യുന്നത് ജീവിച്ചിരിക്കുമ്പോഴാണെങ്കിലും സമ്മതപത്രം പ്രാവർത്തികമാകുന്നത് നേത്രദാതാവിന്റെ മരണശേഷമാണ്.

2. സമ്മതപത്രത്തിൽ മേൽവിലാസം വിശദമായും വ്യക്തമായും കാണിച്ചിരിക്കണം. ഫോൺ ഉണ്ടെങ്കിൽ നമ്പരും.

3. മരണം സംഭവിച്ചു കഴിഞ്ഞാൽ ബന്ധുക്കൾ ഉടൻ തന്നെ ആശുപത്രിയുമായി ബന്ധപ്പെടണം. മൃതദേഹം ആശുപത്രിയിലേക്ക് കൊണ്ടുവരേണ്ടതില്ല. ഡോക്ടർ താങ്കളുടെ വീട്ടിലേക്ക് എത്തുന്നതായിരിക്കും. കഴിയുമെങ്കിൽ ഒരാൾ വന്ന് ഡോക്ടറെ കൂട്ടികൊണ്ടുപോകുന്നത് നല്ലതായിരിക്കും. ഡോക്ടർ വരുന്നതിന് ആശുപത്രി വാഹനം ഉപയോഗിച്ചുകൊള്ളും.

4. മരണശേഷം രണ്ട് മണിക്കൂറിനുള്ളിൽ കണ്ണുകൾ എടുക്കുന്നതാണ് ഏറ്റവും പ്രയോജനകരം. നാലു മണിക്കൂർ വരെയുമാകാം. ആറ് മണിക്കൂറിനുശേഷം പ്രയോജനമില്ലാതാകുന്നു.

5. കൺപോളകൾക്ക് കേടുവരുത്താതെ അതിസൂക്ഷ്മമായി നേത്രഗോളങ്ങൾ എടുത്തുമാറ്റി കൺപോളകൾ അടച്ചുകഴിഞ്ഞാൽ മൃതദേഹത്തിന്റെ മുഖത്ത് യാതൊരു വൈരൂപ്യവും അനുഭവപ്പെടുകയില്ല.

6. താങ്കളുടെ വിലമതിക്കാനാവാത്ത രണ്ടു കണ്ണുകളും മരണത്തോടുകൂടി എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോകുന്നു. അന്ധനായ ഒരാൾക്ക് ആ കണ്ണുകൾ കാഴ്ച്ച നൽകുവാൻ ഉപകരിക്കുമെങ്കിൽ അത് വലിയൊരു സേവനമല്ലേ? അതുകൊണ്ട് താങ്കൾ സദയം നേത്രദാനം ചെയ്യുക. താങ്കളുടെ ബന്ധുക്കളേയും സുഹൃത്തുക്കളേയും അതിന് പ്രേരിപ്പിക്കുക.

7. രജിസ്ട്രേഷൻ കഴിഞ്ഞ് തിരിച്ച് കിട്ടുന്ന ഈ സമ്മതപത്രം കഴിയുമെങ്കിൽ ഫ്രെയിം ചെയ്ത് വീട്ടിൽ സൂക്ഷിക്കുക. മരണം സംഭവിക്കുമ്പോൾ നേത്രദാനത്തെക്കുറിച്ച് ബന്ധുക്കൾ ഓർക്കുന്നതിന് ഇത് സഹായിക്കും. മാത്രമല്ല സഹജീവികളോടുള്ള താങ്കളുടെ മനുഷ്യസ്നേഹത്തിന്റെ പ്രതീകമായി അത് നിലകൊള്ളുകയും ചെയ്യും.

8. തിരുവനന്തപുരം കണ്ണാശുപത്രിയും കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജാശുപത്രികളിലേയും ജില്ലാ ആശുപത്രികളിലേയും നേത്രചികിത്സാ വിഭാഗങ്ങളും നേത്രദാനം സ്വീകരിക്കുന്നതിനും അവ ഉപയോഗിക്കുന്നതിനുമുള്ള അംഗീകൃത സ്ഥാപനങ്ങളാണ്. താങ്കൾ സ്ഥിരമായി താമസിക്കുന്ന സ്ഥലത്തിന്റെ ഏറ്റവും അടുത്തുള്ള അംഗീകൃത സ്ഥാപനവുമായി ബന്ധപ്പെടുക.